**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **04-10-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ഇ-ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെൻഡറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെൻഡറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടില്ല. എന്നാൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം പത്ര വാർത്തയിലൂടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമായ രീതിയിൽ സപ്ലൈകോ വെബ് സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. |
| (ബി) | താൽപര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപര്യപത്രത്തിൽ ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ അതിനുള്ള അനുമതി മന്ത്രിതലത്തിൽ നൽകിയിരുന്നോയെന്ന് വിശദമാക്കാമോ; | (ബി) | താൽപര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപര്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമാകുന്ന രീതിയിൽ സപ്ലൈകോ വെബ് സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് വിളിച്ച താല്പര്യപത്രത്തിലെ ചില നിബന്ധനകൾ ഒഴിവാക്കാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക വിറ്റുവരവ് 100 കോടിയിൽ കുറയാൻ പാടില്ലെന്നുള്ളതും, ISO Certification വേണമെന്നതും താത്പര്യപത്രം നൽകുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി, സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിന്റെ 35 കിലോമീറ്റർ ചുറ്റളവിൽ വേണമെന്നുമുള്ള നിബന്ധനകൾ ഒഴിവാക്കാൻ സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഇ-ടെൻഡർ മുഖേന മാത്രമേ പാടുള്ളൂ എന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സർക്കാരിന്റെയും ഉത്തരവുകൾ ലംഘിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ? | (സി) | ഉത്തരവ് ലംഘനം നടന്നിട്ടില്ല. 5 ലക്ഷത്തിനു മുകളിലുള്ള എല്ലാ ഇടപാടുകളും സുതാര്യമായ രീതിയിൽ ഇ-ടെൻഡർ വഴിയാണ് നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ